# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 206 — 10.12.2012-ൽ മറുപടിയ്ക്ക്

**എന്റെ മരം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ<br>,, വി. ഡി. സതീശൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |

എ) എന്റെ മരം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

എ) സംസ്ഥാനത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും സ്കൂൾ കുട്ടികൾക്ക് പരിസ്ഥിതി സംരക്ഷണ അവബോധം നൽകുന്നതിനും, അതുവഴി പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനും വനവൽക്കരണം വഴി ആഗോള താപനം നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി.

ബി) ഈ പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കുന്നത് ;

ബി) സ്കൂൾ കുട്ടികൾക്ക് വൃക്ഷതൈകൾ ലഭ്യമാക്കി അത് അവരുടെ വീട്ടുപറമ്പിലോ, അനുബന്ധ സ്ഥലങ്ങളിലോ നടുന്നതാണ് ഈ പദ്ധതി.

സി) ഈ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് എത്ര വൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ട് ;

സി) ഈ പദ്ധതി പ്രകാരം വിതരണം ചെയ്ത തൈകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| | തൈകൾ ലക്ഷത്തിൽ |
|---|---|
| 2007-2008 | 24.35 |
| 2008-2009 | 9.78 |
| 2009-2010 | 7.99 |
| 2010-2011 | 25.54 |
| 2011-2012 | 30.92 |
| 2012-2013 | 41.76 |
| ആകെ | 140.34 |

| | | | |
|---|---|---|---|
| ഡി) | എല്ലാ സ്കൂളുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | ഡി) | 1-ാം തരം മുതൽ 9-ാം തരം വരെയുള്ള എല്ലാ വിദ്യാർത്ഥികളെയും എല്ലാ സ്കൂളുകളെയും പരിഗണിക്കുന്നുണ്ട്. 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്ക് ഫല വൃക്ഷതൈകളാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ